


## എഴുത്തിന്റെ കൗമാരവഴികളിൽ

# വിജയക്കൊടി നാട്ടി നീരധ



ചാരു എന്ന് ഞങ്ങളെല്ലാവരും സ്നേഹത്തോടെ വിളിക്കുന്ന നീരധ എൻ.ആർ. എന്ന പത്താം ക്ലാസ്സുകാരി ഒരു കൊച്ചുകവയിത്രിയാണ്. വായനയും ഭാവനയും ഒന്നു ചേർന്നപ്പോൾ ചാരു ഒരു എഴുത്തുകാരിയായി മാറുകയായിരുന്നു. ബംഗളൂരുവിലെ സെൻട്രൽ പോലീസ് ഡിപ്പാർട്ടുമെന്റിലെ പോലീസ് ഓഫീസർ എസ്. രാധാകൃഷ്ണന്റെയും എറണാകുളം സെന്റ് ആൽബർട്ട്സ് കോളജിലെ രസതന്ത്രവിഭാഗം അധ്യാപിക ഡോ. നിഷ വി.എസ്. ന്റെയും ഏകപുത്രിയാണ് കാക്കനാട് അസ്സീസി വിദ്യാനികേതൻ സ്കൂളിലെ ഈ വിദ്യാർത്ഥിനി. വൈകുന്നേരം സ്കൂളിൽനിന്നു മടങ്ങിവരുമ്പോൾ അമ്മയുടെ അടുക്കൽ കോളജിലും കയറും. അങ്ങനെയാണ് ഞാൻ ചാരുവിനെ പരിചയപ്പെടുന്നത്. സ്നേഹവും ആദരവും നിറഞ്ഞ സംസാരരീതിയാണ് ചാരുവിന്റേത്.

ആകാംക്ഷ നിറഞ്ഞ അന്വേഷണത്വര, സാമൂഹികവിഷയങ്ങൾ ചർച്ച ചെയ്യാനുള്ള താത്പര്യം. ഉള്ളിൽ നിറഞ്ഞു നിൽക്കുന്ന നിരവധി സംശയങ്ങൾ ഒന്നിനു പിറകേ ഒന്നായി ചോദിച്ചുകൊണ്ട് വളരെ വാചാലയാകുന്ന ചാരുവിനോടു സംസാരിക്കുന്നത് എനിക്ക് ഏറെ ഇഷ്ടമായിരുന്നു. സമകാലിക സാമൂഹികപ്രശ്നങ്ങൾ സംസാരവിഷയമായിരുന്നു. വളരെ വൈബ്രന്റായ വ്യക്തിത്വം.




2022 ൽ എറണാകുളത്തപ്പൻ ഗ്രൗണ്ടിൽ നടന്ന അന്താരാഷ്ട്ര പുസ്തകമേളയിൽ നീരധയുടെ രണ്ടു കാവ്യസമാഹാരങ്ങൾ മലയാളികളുടെ പ്രിയങ്കരനായ എഴുത്തുകാരൻ സന്തോഷ് ഏച്ചിക്കാനം പ്രകാശനം ചെയ്തു. ഇംഗ്ലീഷിലുള്ള എസ്കേപിസം, റിഫ്ളക്ഷൻ എന്നിവയാണവ.

തന്റെ കാഴ്ചയിലും കേൾവിയിലും വായനയിലുമായി സ്വരൂപിച്ച ആശയങ്ങളുടെ ആവിഷ്കാരമാണ് കവിതയായി രൂപം പ്രാപിച്ചത്. ഇരുട്ടിന്റെ സന്നിവേശങ്ങൾ, ബോറടിപ്പിക്കുന്ന ജീവിതത്തിന്റെ വ്യത്യസ്തരംഗങ്ങൾ ഇവയെല്ലാം ചിന്തയുടെയും ഭാവനയുടെയും മൂശയിലിട്ടു വാർത്തെടുത്തതാണ് ഈ എഴുത്തുകൾ. വായനയും ചിന്തയും എഴുത്തുമാണ് ചാരുവിന്റെ ഇഷ്ടവിനോദങ്ങൾ. എഴുതിത്തുടങ്ങിയതു കഥകളായിരുന്നു. കൊവിഡ് കാലത്ത് നേഴ്സുമാരെക്കുറിച്ച് 'മാലാഖമാർ' എന്ന പേരിൽ കവിത എഴുതി സമ്മാനം നേടിയിരുന്നു.

അസാധാരണമായ ധിഷണാവൈഭവം നിറഞ്ഞ ഈ പെൺകുട്ടിയുടെ സ്വപ്നം 'ആസ്ട്രോഫിസിക്സ്' ഐച്ഛികവിഷയമായി പഠിക്കണം എന്നതാണ്. വളരെ മനോഹരമായി ഇംഗ്ലീഷ് കൈകാര്യം ചെയ്യുന്ന നീരധയ്ക്ക് വെറുതെയിരിക്കാൻ സമയമില്ല.

■ ഡോ.സി. തെരേസ് ആലഞ്ചേരി എസ്.എ.ബി.എസ്.

# അമേരിക്കൻ വൈസ് പ്രസിഡന്റിന്റെ പ്രശംസയിൽ ആത്മസന്തോഷത്തോടെ എയ്മിലിൻ റോസ് തോമസ്

ഐക്യരാഷ്ട്രസഭയിൽ പ്രസംഗിച്ച അമേരിക്കൻ മലയാളി വിദ്യാർത്ഥിനി എയ്മിലിൻ റോസ് തോമസിന് അമേരിക്കൻ വൈസ് പ്രസിഡന്റ് കമലാ ഹാരിസിന്റെ പ്രശംസ. കമലാ ഹാരിസിന്റെ ഫിലാഡൽഫിയ സന്ദർശനവേളയിൽ അനുവദിച്ച കൂടിക്കാഴ്ചയിലാണ് ഐക്യരാഷ്ട്രസഭയിൽ അമേരിക്കൻ പ്രതിനിധിയായി ബാലാവകാശവിഷയം പ്രസംഗിച്ച എയ്മിലിൻ റോസ് തോമസിനെ കമലാ ഹാരിസ് അഭിനന്ദിച്ചത്.

ഇന്ത്യൻ ജനിതകപ്പിന്തുടർച്ചയിലുള്ള സാഹോദര്യം അമേരിക്കൻ രാഷ്ട്രമൂല്യങ്ങളുടെ സമ്പന്നതയ്ക്കു നിറവേകുമെന്ന് എയ്മിലിനോട് കമലാ ഹാരിസ് പറഞ്ഞു. ഭിന്നശേഷിക്കാരായ കുട്ടികളുടെ സവിശേഷാവശ്യങ്ങളെയും അവകാശങ്ങളെയുംകുറിച്ചുള്ള ആശയങ്ങളും അവർ പങ്കുവച്ചു. ഭിന്നശേഷിക്കാരനായ സഹോദരന്റെയും അതുപോലുള്ള വ്യക്തികളുടെയും ആരോഗ്യപരിപാലനത്തിലൂടെയും അനുഭവങ്ങളിലൂടെയും കൈവരിച്ച അറിവ് ഗവേഷണാത്മകമായും ഗുണപരമായും ഉപകരിക്കണമെന്നതാണ് തന്റെ ലക്ഷ്യമെന്ന് എയ്മിലിൻ വൈസ് പ്രസിഡന്റിനോടു പറഞ്ഞു. വ്യക്തിയുടെ കുട്ടിക്കാലത്തെ പ്രതികൂലസാഹചര്യങ്ങൾക്കു പിന്നിലെ ശാസ്ത്രം വെളിപ്പെടുത്തുകയും ജീവിതകാലം മുഴുവൻ നമ്മെ ബാധിക്കുന്ന പ്രതികൂലസംഭവങ്ങളെ അപഗ്രഥിക്കുന്നതിനുള്ള പുതിയ മാർഗങ്ങൾ ചൂണ്ടിക്കാണിക്കുകയും ചെയ്യുന്ന ബർക്ക് ഹാരിസിന്റെ 'ദ് ഡീപ്പെസ്റ്റ് വെൽ' എന്ന പുസ്തകം വായിക്കുന്നത് ഉപകരിക്കുമെന്നും വായനാഭിപ്രായം പങ്കുവയ്ക്കണമെന്നും കമലാ ഹാരിസ് എയ്മിലിനെ ഉപദേശിച്ചു. ഭാവിയിൽ നേതൃനിരയിൽ എയ്മിലിനെ കാണാൻ കഴിയട്ടേയെന്നും വൈസ് പ്രസിഡന്റ് ആശംസിച്ചു. പതിനഞ്ചു മിനിറ്റോളം കൂടിക്കാഴ്ച നീണ്ടുനിന്നു. കമലാ ഹാരിസുമായി നടത്തിയ കൂടിക്കാഴ്ച തന്റെ പ്രവർത്തനങ്ങൾക്കു കൂടുതൽ പ്രചോദനമാകുമെന്ന് എയ്മിലിൻ പറഞ്ഞു. ഇതോടെ ഇന്ത്യൻ വംശജകൂടിയായ കമലാഹാരിസിനെ നേരിൽ സന്ദർശിച്ച ആദ്യ ഇന്ത്യൻ വിദ്യാർത്ഥിനിയായി എയ്മിലിൻ.

കുട്ടികളുടെ അവകാശങ്ങൾ സംബന്ധിച്ച ഐക്യരാഷ്ട്രസഭാസമ്മേളനത്തിലെ ആമുഖപ്രഭാഷണം നിർവഹിച്ചത് പെൻസിൽവേനിയയിലെ മൗണ്ട് സെന്റ് ജോസഫ് അക്കാദമി ഹൈസ്കൂൾ വിദ്യാർഥിനിയായ എയ്മിലിനായിരുന്നു.

സ്പ്രിങ് ഫോർഡ് ഏരിയ ഹൈസ്കൂളിൽ ഗണിതാധ്യാപകനായ പാലാ ആവിമൂട്ടിൽ ജോസ് തോമസിന്റെയും മൂലമറ്റം കുന്നക്കാട്ട് വീട്ടിൽ മെർലിൻ അഗസ്റ്റിന്റെയും മകളാണ് എയ്മിലിൻ. ജോസ് തോമസും വൈസ് പ്രസിഡന്റുമായുള്ള കൂടിക്കാഴ്ചയിൽ പങ്കെടുത്തു.


എയ്മിലിൻ റോസ് തോമസും പിതാവും അമേരിക്കൻ വൈസ് പ്രസിഡന്റിനോടൊപ്പം

എയ്മിലിൻ തോമസിനെ പെൻസിൽവേനിയാ ഗവർണർ ടോം വൂൾഫ് ഹാരിസ് ബർഗിലെ കാപ്പിറ്റോൾ ഗവർണേഴ്സ് ഓഫീസിൽ ആദരിച്ചിരുന്നു. അമേരിക്കൻ പ്രസിഡന്റ് ജോ ബൈഡൻ, ഡോ. ശശി തരൂർ, സുരേഷ് ഗോപി എം പി, മാണി സി കാപ്പൻ എം എൽ എ ഉൾപ്പെടെയുള്ളവർ എയ്മിലിനെ നേരത്തേ അഭിനന്ദിച്ചിരുന്നു.

■ എബി ജെ. ജോസ്

# വായന മരിക്കുന്നില്ല



റോസ്മി തോമസ്
Bank Coaching
PT College, Ettumannoor



പുസ്തകപ്രേമികളുടെ പ്രിയപ്പെട്ട ദിവസമാണ് ഏപ്രിൽ 23. കടലാസുകഷണങ്ങളിൽ പതിഞ്ഞ അക്ഷരങ്ങൾക്കു പടവാളിനെക്കാൾ ശക്തിയുണ്ടെന്നു തെളിയിച്ച മഹാപ്രതിഭകളെ ലോകം ഓർമിക്കുന്ന അവസരംകൂടിയാണിത്. വായന പുസ്തകങ്ങളിൽനിന്ന് ഇലക്ട്രോണിക് സ്ക്രീനുകളിലെത്തിയെങ്കിലും പുസ്തകങ്ങളുടെ പ്രാധാന്യം ഒട്ടും കുറയുന്നില്ല.

പുസ്തകങ്ങളെ മറക്കുമ്പോൾ നാം നമ്മുടെ പൈതൃകത്തെയും സംസ്കാരത്തെയുമാണു മറക്കുന്നത്. സംസ്കാരത്തിന്റെ മാത്രമല്ല ഒരു വ്യക്തിയുടെ, ഒരു കാലഘട്ടത്തിന്റെ, പ്രകൃതിയുടെ മുഴുവൻ സന്ദേശങ്ങളുമാണ് പുസ്തകത്തിലൂടെ ഓരോരോരുത്തരിലും എത്തുന്നത്.

പുസ്തകദിനം എന്ന ആശയം ലോകത്തിനുമുന്നിൽ അവതരിപ്പിച്ചത് സ്പെയിനിലെ പുസ്തകക്കച്ചവടക്കാരാണ്. സ്പെയിനിലെ എഴുത്തുകാരനായിരുന്ന മിഗ്വെൽ ദെ സെർവന്റസിന്റെ ചരമദിനമായ 1923 ഏപ്രിൽ 23-ാം തീയതി സ്പെയിൽ അദ്ദേഹത്തിന്റെ ആരാധകർ പുസ്തകദിനമായി ആചരിച്ചിരുന്നു. വിശ്വസാഹിത്യത്തിലെ അതികായരായ ഷേക്സ്പിയർ, ഗാർസിലാസോ ഡേ ലാ വെഗാ എന്നിവരുടെകൂടി ചരമദിനമാണ് ഏപ്രിൽ 23. ഈ മഹാന്മാരോടുള്ള ആദരസൂചകമായാണ് ഈ ദിനം ലോകപുസ്തകദിനമായി ആചരിക്കാൻ 1995 ലെ യുനെസ്കോ പൊതുസമ്മേളനത്തിൽ തീരുമാനിച്ചത്.

ഏപ്രിൽ 23 വി. ഗീവർഗീസിന്റെ ഓർമദിവസംകൂടിയായിരുന്നതിനാൽ കത്തോലിക്കാരാജ്യങ്ങളിൽ പുസ്തകദിനം സെന്റ് ജോർജ് ദിനാഘോഷത്തിന്റെ ഭാഗമായി മാറി. മധ്യകാലം മുതൽ സെന്റ് ജോർജ് ദിനത്തിൽ ഒരാചാരമായി പുരുഷന്മാർ കാമുകിമാർക്ക് റോസാപ്പുഷ്പം നല്കുമായിരുന്നു. 1925 മുതൽ സ്ത്രീകൾ പുരുഷന്മാർക്ക് പുസ്തകം പകരം നല്കുന്ന പതിവായി.

കാറ്റലോണിയയിൽ പുസ്തകങ്ങളുടെ ഒരു വർഷത്തെ വില്പനയിൽ പകുതിയും ഏപ്രിൽമാസത്തിലാണു നടക്കുന്നത്. ഈ ദിവസം നാലു ലക്ഷത്തിലധികം പുസ്തകങ്ങൾ വില്ക്കുകയും നാല്പതു ലക്ഷം റോസാപ്പൂക്കൾ കൈമാറ്റം ചെയ്യപ്പെടുകയും ചെയ്യും. പിന്നീട് മറ്റു രാജ്യങ്ങളും ഏപ്രിൽ 23 നെ പുസ്തകദിനമായി ആചരിക്കാൻ തുടങ്ങി. വർഷങ്ങൾ പിന്നിടുംതോറും പുസ്തകദിനം ആചരിക്കുന്ന രാജ്യങ്ങളുടെ എണ്ണം കൂടിക്കൂടി വന്നു.

വൈകാതെ ഏപ്രിൽ 23 എന്ന ദിനം ലോകപുസ്തകദിനമായി വളർന്നു വന്നു. വിപ്ലവം വായനയിലൂടെ എന്ന മുദ്രാവാക്യത്തിന്റെ നേരറിയിക്കുന്ന ദിവസം.

വായന മരിക്കുന്നു എന്ന വിലാപമുയരുന്ന ഈ കാലത്ത് പുസ്തകദിനാചരണത്തിലൂടെ സാംസ്കാരിക മൂല്യത്തെ ഉയർത്തിപ്പിടിക്കാൻ കഴിയണം. ഓരോ പുസ്തകവും ഓരോ വായനയും വായനക്കാരനു നൽകുന്നത് നമുക്കു ചുറ്റുമുള്ള, നാം ഇതുവരെ അനുഭവിച്ചിട്ടില്ലാത്ത വ്യത്യസ്തങ്ങളായ ലോകങ്ങളിലൂടെയുള്ള സഞ്ചാരമാണ്. ■

# കുമാരനാശാനും ഖണ്ഡകാവ്യപ്രസ്ഥാനവും



ഭാവന ആർ.
എം.എ. സാഹിത്യപഠനം
മലയാളം സർവകലാശാല,
തിരൂർ.

ആധുനിക മലയാളകവിതാസാഹിത്യത്തിൽ ജ്വലിച്ചു നിൽക്കുന്ന ഉജ്ജ്വലനക്ഷത്രമാണ് മഹാകവി കുമാരനാശാൻ. ശൂദ്രനു വേദം പഠിക്കാനോ സാഹിത്യരചന നിർവഹിക്കാനോ എന്തിന്, വരേണ്യവർഗം സംസാരിക്കുന്ന വാക്കുകൾ ഉപയോഗിക്കാൻപോലുമോ സ്വാതന്ത്ര്യമില്ലാതിരുന്ന ഒരു കാലത്ത് അവർണവിഭാഗത്തിൽനിന്ന് ഉയർന്നുവന്ന ഒരു മഹാപ്രതിഭയായിരുന്നു കുമാരനാശാൻ. കുമാരനാശാന്റെ നൂറ്റമ്പതാം ജന്മദിനം ഈയിടെ നമ്മൾ ആഘോഷിച്ചു. അദ്ദേഹത്തിന്റെ കവിതകൾ ജനകീയമായിരുന്നു, പണ്ഡിതനും പാമരനും ഒരുപോലെ മനസ്സിലാകുന്നതായിരുന്നു. സമൂഹത്തിലെ ഉച്ചനീചത്വങ്ങളും കാലികവിഷയങ്ങളും ഹൃദ്യമായ രീതിയിൽ അദ്ദേഹം ജനങ്ങളിലെത്തിച്ചു. സ്നേഹവും സമത്വവുമായിരുന്നു കുമാരാനാശാന്റെ കവിതകൾക്ക് ആധാരമായത്. ആ കവിതകൾ ഒരു കാലഘട്ടത്തിന്റെ നേർച്ചിത്രങ്ങളായിരുന്നു.

കുമാരനാശാന്റെ കവിതകൾ മിക്കവയും ഖണ്ഡകാവ്യങ്ങളായിരുന്നു. വളരെ വിപുലവും അർത്ഥവത്തുമായ വിഷയങ്ങൾ ചെറിയ ചെറിയ കാവ്യങ്ങളായി ജനമനസ്സുകളിലെത്തിക്കാൻ കുമാരനാശാനു കഴിഞ്ഞു. ഖണ്ഡകാവ്യപ്രസ്ഥാനത്തിന്റെ മുഖ്യ പ്രായോജകരിലൊരാളാണ് അദ്ദേഹം.



മഹാകാവ്യത്തിന്റെ വലിപ്പമില്ലാത്തതും തീരെ ചെറുതുമല്ലാത്ത കാവ്യങ്ങളാണ് ഖണ്ഡകാവ്യങ്ങൾ. വിചാരത്തിനുപരി വികാരത്തിനു പ്രാധാന്യം കൊടുക്കുന്ന, ആദർശത്തിനു പ്രാധാന്യം കൊടുക്കുന്ന, രൂപത്തിനതീതമായി ഭാവത്തിനു പ്രാധാന്യം കൊടുക്കുന്ന ഒരു സാഹിത്യരൂപമാണ് ഖണ്ഡകാവ്യങ്ങൾ.

കാല്പനികതയെ മലയാളസാഹിത്യത്തിലേക്കു കൊണ്ടുവന്ന രചനകളാണ് ഖണ്ഡകാവ്യങ്ങൾ. കാല്പനികത എന്ന പുതിയ പ്രസ്ഥാനത്തിനു ചേക്കേറാൻ പറ്റിയ ഒരു മാധ്യമമായി ഈ സാഹിത്യരൂപം വളർന്നു.

ലക്ഷണം ഇല്ലാത്ത ലഘുകാവ്യങ്ങളാണ് ഖണ്ഡകാവ്യങ്ങൾ

"കാവ്യലക്ഷണം ഒട്ടൊക്കെ ഒക്കുകിൽ ഖണ്ഡകാവ്യം"

മഹാകാവ്യത്തിനു പറഞ്ഞിട്ടുള്ള ലക്ഷണങ്ങൾ കുറച്ചൊക്കെ ഒക്കുകയാണെങ്കിൽ അതിനെ ഖണ്ഡകാവ്യം എന്നു പറയാം.

ഖണ്ഡകാവ്യങ്ങൾ കൃത്യമായ ഒരു ജീവിതസന്ദർഭത്തെ വിശദമായി ആവിഷ്കരിക്കുന്നു. നിർണായകമായ ഒരു ജീവിതസന്ദർഭത്തെ എടുത്തുകാണിക്കുന്ന ഒരു ഇതിവൃത്തം മിക്കവാറും ഖണ്ഡകാവ്യങ്ങൾക്കുണ്ടായിരിക്കും. വൈകാരികമായ ഒരു അന്തരീക്ഷം ഖണ്ഡകാവ്യങ്ങളിൽ പ്രത്യക്ഷമാണ്. അതീവ ദീർഘമല്ല. എന്നാൽ നാടകീയമാണ്. കാവ്യാത്മകവും ഭാവതീവ്രവും ഭാവനാത്മകവുമായിരിക്കും. രൂപത്തിൽ കടുംപിടുത്തങ്ങൾ പാലിക്കുന്നില്ല. അലങ്കാരം പ്രയോഗിക്കുന്നില്ല. കാവ്യത്തിൽ എന്താണോ പറഞ്ഞിരിക്കുന്നത് അതിനനുയോജ്യമായ രീതിയിലുള്ള അലങ്കാരം മാത്രമേ അല്ലെങ്കിൽ വർണനകൾ മാത്രമേ ഖണ്ഡകാവ്യത്തിൽ ഉണ്ടായിരിക്കൂ. പൊതുവേ ഖണ്ഡകാവ്യം എന്ന സാഹിത്യരൂപം കാല്പനികത എന്നു പറയുന്ന സാഹിത്യപ്രസ്ഥാനത്തെ ഏറ്റെടുക്കാൻ പര്യാപ്തമാണ്.

കുമാരനാശാന്റെ വീണപൂവ് മലയാളത്തിലെ ആദ്യത്തെ ഭാവനാത്മക ഖണ്ഡകാവ്യമാണ്. വീണുകിടക്കുന്ന ഒരു പൂവിനെ കാണുന്ന കവിയുടെ ചിന്തകളും വികാരങ്ങളുമാണ് വീണപൂവ് എന്ന ഖണ്ഡകാവ്യത്തിൽ ആവിഷ്കരിച്ചിട്ടുള്ളത്. നൂറിൽപ്പരം ശ്ലോകങ്ങളുണ്ട്. കൃത്യമായ ഒരു മനുഷ്യകഥാപാത്രമില്ല. അതിൽ എങ്ങനെയാണ് ഒരു ജീവിതസന്ദർഭവും ഒരു ഇതിവൃത്തം ഉണ്ടാകുന്നതെന്നൊക്കെ ചോദ്യം വരും.

ഒരു പൂവിന്റെ വിയോഗം ഒരു വിലാപകാവ്യം എഴുതാൻമാത്രം വലുതായ ആഘാതമുണ്ടാക്കുമോ എന്നു ചോദിക്കുന്നവരുണ്ടാകാം. ഇതൊരു പ്രതീകാത്മക വിലാപകാവ്യമാണ്. മാത്രമല്ല, ജീവിതത്തിന്റെ അസാധാരണമായ ഒരു മുഹൂർത്തത്തെ, ഒരു ജീവസന്ദർഭത്തെ കേന്ദ്രബിന്ദുവാക്കിക്കൊണ്ട് അതിനു ചുറ്റും പടർത്തിയ വികാരതീക്ഷ്ണമായ ഒരു കവിതയാണ് വീണപൂവ്. ■

# കവിത: മഴപ്പുറപ്പാട്

കരിമേഘങ്ങളുരുണ്ടുകൂടുന്നു
മാനത്തു സൂര്യൻ മുഖം തിരിക്കുന്നു
മന്ദമാരുതനു വേഗമേറുന്നു
മരച്ചില്ലകളിടകിയാടുന്നു
മാമ്പഴം പെറുക്കുവാനുണ്ണികളോടുന്നു
മയിലുകൾ നൃത്തച്ചുവടുകളാടുന്നു
മാനുകൾ തുള്ളിക്കളിക്കുന്നു
കുടിനീരിനായ് ഭൂദേവി കേഴുന്നു
മൗനം വിട്ടു മാനം വാചാലമാകുന്നു
മാമലകൾ പുകമറയ്ക്കുള്ളിലൊളിക്കുന്നു
ദാഹമാറ്റാൻ വേഴാമ്പൽ മാനത്തു നോക്കുന്നു
മഴയുടെ മർമരമകലെ കേൾക്കുന്നു
മഴത്തുള്ളികൾ മച്ചിൽ താളം പിടിക്കുന്നു
മഴയിൽ കുതിർന്നെന്നുള്ളം തണുക്കുന്നു.



ഹരിനന്ദന ഡി.
പ്ലസ് ടു
എം.ഡി. എച്ച്.എസ്. എസ്.
കോട്ടയം

# എന്റെ വര



എലിസബത്ത് ജോസഫ്
ക്ലാസ്സ് - 8
സെന്റ് മേരീസ് ജി.എച്ച്.എസ്.എസ്., പാലാ







